**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 324** **11.06.2012-ൽ മറുപടിക്ക്.**

## പുതിയ കോടതികൾ സ്ഥാപിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് പുതിയ കോടതികൾ സ്ഥാപിക്കുന്നതിന് മുൻഗണനാ ലിസ്റ്റ് നിലവിലുണ്ടോ; ഈ ലിസ്റ്റ് എപ്പോഴാണ് പുതുക്കുന്നതെന്ന് വ്യക്തമാക്കാമോ; | : (എ) ഉണ്ട്. സംസ്ഥാനത്ത് കോടതികൾ ആരംഭിക്കുന്നതിനായി ഒരു മുൻഗണനാ പട്ടിക ജി.ഒ.(ആർ.റ്റി.) 1919/2009/ആഭ്യന്തരം തീയതി 06.07.2009 പ്രകാരം തയ്യാറാക്കിയിട്ടുണ്ട്. മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണൽ സ്ഥാപിക്കുന്നതിലേയ്ക്കായി ജി.ഒ.(ആർ.റ്റി.) 1159/2012/ആഭ്യന്തരം തീയതി 17.04.2012 പ്രകാരവും മുൻഗണനാ പട്ടിക പുറപ്പെടുവിച്ചിട്ടുണ്ട്. ലിസ്റ്റ് പുതുക്കുന്നതിനുള്ള നടപടികൾ ഹൈക്കോടതിയാണ് സ്വീകരിക്കേണ്ടത്. |
| (ബി) മുൻഗണനാ ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ; | : (ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) അങ്കമാലിയിൽ മുൻസിഫ്/ മജിസ്ട്രേറ്റ് കോടതി ആരംഭിക്കാനുള്ള ഹൈക്കോടതി ശുപാർശ നടപ്പാക്കുന്നതിലെ കാലതാമസം വിശദമാക്കാമോ ? | : (സി) അങ്കമാലിയിൽ മുൻസിഫ്/ മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കുന്ന കാര്യം മേൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല. മുൻഗണനാ പട്ടിക പ്രകാരം കോടതികൾ സ്ഥാപിച്ച ശേഷം തുടർന്നുള്ള ശുപാർശകൾ പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ